## 303

യേശുവിൻ സ്നേഹത്താലെന്നുള്ളം പൊങ്ങുന്നേ
തൻസ്നേഹമാധുര്യം ചിന്താതീതമത്രേ
ഹാ എത്ര ആഴമേ യേശുവിൻ സ്നേഹമേ
ആയതിൻ ധ്യാനമെൻ ജീവിതഭാഗ്യമേ

1 ലോകസ്ഥാപനം മുമ്പെന്നെയും ക ല്ലോ
ലോകത്തിൽ വന്നു തൻ ജീവനെ തന്നല്ലോ
എത്രയോ ശ്രേഷ്ഠമാം സ്വർഗ്ഗീയ വിളിയാൽ
എന്നെയും യോഗ്യനായെണ്ണിയ സ്നേഹമേ-

2 കർത്താവാം കുഞ്ഞാട്ടിൻ കല്യാണനാളതിൽ
കാന്തയായ് തൻമുമ്പിലെന്നെയും നിർത്തുവാൻ
ഘോരമാം പാടുകൾ ക്രൂരരാം യൂദരാൽ
കാരണമില്ലാതെ സഹിച്ച സ്നേഹമേ

3 സീയോനിലെനിക്കായ് മൂലക്കല്ലാകുവാൻ
സീയോനിലെന്നെയും ചേർത്തു പണിയുവാൻ
സ്വർഗ്ഗീയതാത നിൻവേലയും തികച്ചു
സ്വർഗ്ഗീയശിൽപ്പിയാം യേശുവിൻ സ്നേഹമേ-

4 അത്ഭുതസ്നേഹമാം സ്വർഗ്ഗീയ ദാനത്താൽ
സമ്പൂർണ്ണനാക്കിടും എന്നെയും തന്നേപ്പോൽ
ശത്രുവാമെന്നെയും തൻ സ്വന്തമാക്കിയ
സ്നേഹസ്വരൂപ നിൻ അതുല്യസ്നേഹമെ-

5 ജീവകിരീടവും ജ്യോതിയാം വസ്ത്രവും
നീതിയിൻ ചെങ്കോലും ധരിച്ചുവാഴുവാൻ
മുൾമുടി ധരിച്ചു നിന്ദയും സഹിച്ചു
മന്നാധി മന്ന നിൻ മാറാത്ത സ്നേഹമേ

6 വീ ടുപ്പിൻ ഗാനം പാടും ഞാൻ സീയോനിൽ
വിൺദൂതർക്കും പാടാൻ അസാദ്ധ്യമേയത്
കാൽവറി ഗിരിയിൽ കാൽകരം തുളച്ച
മന്നാധിമന്ന നിൻ മാറാത്ത സ്നേഹമേ-